# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3405 — 14.03.2018 — ൽ മറുപടിക്ക്

### റേഷൻ കാർഡിനുള്ള അപേക്ഷാ ഫോറങ്ങളുടെ അച്ചടി

**ചോദ്യം**

ശ്രീ. പാറക്കൽ അബ്ദുല്ല :

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിനായി ഇപ്പോൾ അപേക്ഷ ക്ഷണിക്കുന്നുണ്ടോ; എങ്കിൽ ഇതിന് അവസാനമായി അപേക്ഷ ക്ഷണിച്ചത് ഏതു വർഷത്തിലായിരുന്നു;

(ബി) റേഷൻ കാർഡിനായുള്ള അപേക്ഷാ ഫോറങ്ങളുടെ അച്ചടി ജോലികൾ താലൂക്ക് തലത്തിൽ ആരംഭിച്ചശേഷം പിന്നീട് നിർത്തിവെക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായോ എന്നറിയിക്കാമോ;

(സി) ഈ നടപടി പുതിയ റേഷൻ കാർഡുകളുടെ വിതരണത്തിന് ഇനിയും കാലതാമസം വരുത്തുമോ;

(ഡി) എങ്കിൽ ഇത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന് ഇനിയും പ്രതിസന്ധി സൃഷ്ടിക്കുമോ;വിശദാംശങ്ങൾ നൽകുമോ?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും

നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് 15.02.2018 മുതൽ പുതിയ റേഷൻ കാർഡുകൾ ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ്, റേഷൻ കടകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക തുടങ്ങിയവ നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ അപേക്ഷയ്ക്ക് ശേഷം പരിഗണിക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് പ്രതിസന്ധികൾ ഒന്നും തന്നെയില്ല.

സെക്ഷൻ ഓഫീസർ